**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 907** **14-10-2026-ൽ മറുപടിയ്ക്ക്**

**ബേപ്പൂർ നിയോജകമണ്ഡലത്തിൽ കടലാക്രമണം തടയുന്നതിനുള്ള പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നവകേരള സദസ്സുമായി ബന്ധപ്പെട്ട് ബേപ്പൂർ നിയോജകമണ്ഡലത്തിൽ കടലുണ്ടി, കടുക്കബസാർ, ഗോതീശ്വരം ഭാഗങ്ങളിലെ കടലാക്രമണം തടയുന്നതിനുള്ള ആകെ ഏഴ് കോടി രൂപയുടെ രണ്ട് പ്രവൃത്തികളുടെ പൂർത്തീകരണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ബേപ്പൂർ നിയോജക മണ്ഡലത്തിൽ നവകേരള സദസ്സ് മുഖേന അനുമതി ലഭിച്ച രണ്ട് പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. ഇതിൽ GENERAL-ASE Work-NavakeralaSadas- ASE Work: Reformation of Kadukka Bazar & Kappalangadi sea wall starting from 82 m South of CP 1758 towards south in Beypore constituency in ward 20,22 of Kadalundi Panchayath-General Civil Work എന്ന പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ASE Work-Navakerala sadas- Construction of Sea Wall at Godeeswaram near CP 1780 at Beypore LAC in Kozhikode Corporation of Kozhikode District എന്ന ഗോതീശ്വരം ഭാഗത്തെ രണ്ടാമത്തെ പ്രവൃത്തി നിശ്ചിത പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** ഉണ്ടെങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

**മറുപടി:** GENERAL-ASE Work-NavakeralaSadas ASE Work: Reformation of Kadukka Bazar & Kappalangadi sea wall starting from 82 m South of CP 1758 towards south in Beypore constituency in ward 20, 22 of Kadalundi Panchayath-General Civil Work എന്ന പ്രവൃത്തി ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയങ്ങളിൽ നിന്നും ഉപകാര്യാലയങ്ങളിൽ നിന്നും പലതവണ കരാറുകാരനോട് നേരിട്ടും കത്തുകൾ മുഖാന്തരവും നിർദ്ദേശം നൽകിയിട്ടുണ്ട്. സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ഇറിഗേഷൻ നോർത്ത് സർക്കിൾ കാര്യാലയത്തിൽ വെച്ച് 22.06.2026 ന് നടന്ന മീറ്റിംഗിൽ കരാറുകാരനോട് പ്രവൃത്തി എത്രയും പെട്ടന്ന് ആരംഭിച്ച് ത്വരിതഗതിയിൽ പൂർത്തീകരിക്കുവാനും ആയതുമായി ബന്ധപ്പെട്ട പ്രോഗ്രാം ചാർട്ട് സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാം ചാർട്ട് കരാറുകാരൻ സമർപ്പിക്കുകയും നിലവിൽ സൈറ്റിൽ പ്രവൃത്തി പുരോഗമിച്ചു വരുകയും ചെയ്യുന്നുണ്ട്.

**(സി)** പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കും; വിശദമാക്കാമോ?

**മറുപടി:** നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 22.07.2027 വരെയാണ്. പ്രസ്തുത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**